# കോവിഡ് 19 മഹാമാരി മൂലം അടച്ചിട്ട വനമേഖലയിലെ ഇക്കോടൂറിസം കേന്ദ്രങ്ങൾ തുറന്നു പ്രവർത്തിക്കുന്നതിന് വേണ്ടിയുള്ള മാർഗ്ഗ നിർദ്ദേശങ്ങളും നിയന്ത്രണങ്ങളും

കോവിഡ് 19 മഹാമാരിയുടെ വ്യാപനം തടയുന്നതിന്റെ ഭാഗമായി കേരളത്തിലെ വന മേഖലയിൽ പ്രവർത്തിച്ചു വന്നിരുന്ന 60 ഇക്കോടൂറിസം കേന്ദ്രങ്ങളുടെ പ്രവർത്തനം 10.03.2020 ലെ ചീഫ് വൈൽഡ്ലൈഫ് വാർഡന്റെ ഉത്തരവിലൂടെ താത്ക്കാലികമായി നിർത്ത ലാക്കിയിരുന്നു.

ഇതുമൂലം ഉണ്ടായ തൊഴിലില്ലായ്മ, ഇക്കോടൂറിസവുമായി ബന്ധപ്പെട്ട് ഗൈഡുക ളായും വാച്ചർമാരായും, സഹായികളായും പ്രവർത്തിച്ചിരുന്ന ആദിവാസികൾ ഉൾപ്പെടെ യുള്ള ദുർബല വിഭാഗത്തിൽപ്പെട്ട **2000** ഓളം പേരെ നേരിട്ടും, **70000** കുടുംബങ്ങളെ പരോക്ഷമായും ബാധിച്ചു. ഈ തൊഴിലുകൾ താത്ക്കാലികവും, പൂർണ്ണമായും ഇക്കോടൂ റിസം പരിപാടികളുടെ വരുമാനത്തെ ആശ്രയിച്ചുമാണിരിക്കുന്നത്. ഇവർക്ക് മറ്റ് വരുമാന മാർഗ്ഗങ്ങൾ ഒന്നുംതന്നെ നിലവിലില്ല.

കേരളം കഴിഞ്ഞ വർഷം കണ്ട പ്രളയ ദുരന്തത്തിൽ ഇവർ ചെയ്ത രക്ഷാ പ്രവർത്ത നവും, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ഇവർ നൽകിയ സംഭാവനയും ഇവ രുടെ സാമൂഹിക പ്രതിബദ്ധത വെളിവാക്കുന്നു. ഇവരുടെ വന സംരക്ഷണ പ്രവർത്തനങ്ങ ളിലെ പങ്ക് വനം വകുപ്പിന് എന്നും മുതൽക്കൂട്ടാണ്. അതുകൊണ്ടുതന്നെ കഷ്ടത അനുഭവി ക്കുന്ന ഈ ജനവിഭാഗങ്ങളുടെ സംരക്ഷണം വനം വകുപ്പിന്റെ ഉത്തരവാദിത്വവും കടമയുമാണ്.

കഴിഞ്ഞ **5 മാസക്കാലമായി** ഇവർ നേരിടുന്ന സാമ്പത്തിക ക്ളേശത്തിൽനിന്നും ഇവരെ കരകയറ്റുന്നതിനായി കോവിഡ് 19 മഹാമാരിമൂലം അടച്ചിട്ട വനമേഖലയിലെ ഇക്കോടൂറിസം കേന്ദ്രങ്ങൾ കർശന നിയന്ത്രണങ്ങളോടെ ഘട്ടം ഘട്ടമായി തുറന്നു പ്രവർത്തി ക്കേണ്ടതുണ്ട്.

**കേരളത്തിലെ വനമേഖലയിലെ ഇക്കോടൂറിസം കേന്ദ്രങ്ങളുടെ ഒന്നാം ഘട്ട പ്രവർത്തനം കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ മൂന്നാം ഘട്ട ലോക്ഡൗൺ ഇളവുക**

**ളുടെയും, കടുവാ സംരക്ഷണ അതോറിറ്റിയുടെയും നിയന്ത്രണങ്ങൾക്കും, നിബന്ധന കൾക്കും വിധേയമായിരിക്കും.**

**ഇക്കോടൂറിസം കേന്ദ്രങ്ങളിൽ നടപ്പിലാക്കി വരുന്ന പ്രധാന പരിപാടികൾ**

1. ട്രെക്കിംഗ്
2. സഫാരി (ബസ്, ജീപ്പ്, ബോട്ട്, വഞ്ചി)
3. മ്യൂസിയം / ഇന്റർപ്രട്ടേഷൻ സെന്റർ
4. കഫ്ത്തേരിയ / ഭക്ഷണശാല
5. ഇക്കോഷോപ്പ്
6. ഇക്കോടൂറിസം കേന്ദ്രങ്ങളിലെ താമസം

**പൊതുവായ നിയന്ത്രണങ്ങൾ / മാർഗ്ഗ നിർദ്ദേശങ്ങൾ**

1. ഇക്കോടൂറിസം കേന്ദ്രങ്ങളിലെ സന്ദർശകർ, ഡ്രൈവർമാർ, ഗൈഡുകൾ, വാച്ചർമാർ, മറ്റു സഹായികൾ എന്നിവരുടെ ശാരീരിക താപനില, ശരീരത്തിൽ തൊടാതെയുള്ള തെർമൽ സ്കാനർ ഉപയോഗിച്ച് സന്ദർശക കവാടത്തിൽ പരിശോധിക്കേണ്ടതാണ്.
2. ആരുടെയെങ്കിലും ശരീര താപനില അനുവദനീയമായതിൽ കൂടുതൽ ആണെങ്കിൽ അവരെ മാറ്റി നിർത്തി ഇതിനായി ഒരുക്കിയിട്ടുള്ള സൗകര്യത്തിലേയ്ക്ക് മാറ്റേണ്ടതും, വൈദ്യ സഹായം ഉറപ്പാക്കേണ്ടതുമാണ്.
3. ഇതിനായി പ്രത്യേക സ്ഥലവും വാഹനവും എല്ലാ ഇക്കോടൂറിസം കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് സജ്ജമാക്കേണ്ടതാണ്.
4. സന്ദർശകർക്കും, ഇക്കോടൂറിസം കേന്ദ്രങ്ങളിലെ ജീവനക്കാർക്കും മുഖാവരണം നിർബന്ധമാക്കേണ്ടതാണ്.
5. പാർക്കിംഗ് ഏരിയ, പ്രവേശന കവാടം, ടിക്കറ്റ് കൗണ്ടർ, സഫാരി വാഹനങ്ങൾ എന്നിവ യിൽ സാനറ്റൈസർ ഉണ്ടായിരിക്കേണ്ടതാണ്.
6. 10 വയസിനു താഴെയും, 65 വയസിന് മുകളിലും ഉള്ള സന്ദർശകരെ ഒരു കാരണവ ശാലും പ്രവേശിപ്പിക്കാൻ പാടുള്ളതല്ല.
7. ഇക്കോടൂറിസം കേന്ദ്രങ്ങളിലെ പ്രവേശന കവാടത്തിലും പുറം കവാടത്തിലും ശുചി മുറികൾ സജ്ജമാക്കേണ്ടതാണ്.
8. ജനങ്ങളുടെ സമ്പർക്കത്തിൽ വരുന്ന പ്രതലങ്ങളും പരിസരവും കൃത്യമായ ഇടവേളക ളിൽ അണുവിമുക്തമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
9. ഇക്കോടൂറിസം കേന്ദ്രങ്ങളിലെ 65 വയസ്സിനു മുകളിലുള്ള ഡ്രൈവർമാർ, ഗൈഡുകൾ, വാച്ചർമാർ, മറ്റു സഹായികൾ എന്നിവരെ ഒരു കാരണവശാലും ജോലികൾക്ക് നിയോഗിക്കാൻ പാടുള്ളതല്ല.

**ടിക്കറ്റ് കൗണ്ടറുകളിൽ നടപ്പിലാക്കേണ്ട നിയന്ത്രണങ്ങൾ**

1. കോവിഡ് 19 മഹാമാരിയുടെ വ്യാപനം തടയുന്നതിനായി ഓൺലൈൻ ടിക്കറ്റുകൾ ആയി മാത്രം നൽകേണ്ടതാണ്.
2. ടിക്കറ്റ് കൗണ്ടറിന് / ഇൻഫർമേഷൻ സെന്ററിന് മുൻപിലുള്ള ക്യൂ സിസ്റ്റം കഴിവതും ഒഴിവാക്കേണ്ടതും അത്യാവശ്യ ഘട്ടത്തിൽ വേണ്ടിവന്നാൽ സാമൂഹിക അകലം പാലിച്ചുമാണ് നടപ്പിലാക്കേണ്ടതാണ്. ഇതിനായി ഓരോ വ്യക്തികളും ക്യൂ നിൽക്കേണ്ട സ്ഥലം തറയിൽ മാർക് ചെയ്തു കോടുക്കേണ്ടതാണ്.

**പാർക്കിംഗ് ഗ്രൗണ്ടിൽ നടപ്പിലാക്കേണ്ട നിയന്ത്രണങ്ങൾ**

1. സന്ദർശകരുടെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനു മുൻപേ വാഹനങ്ങളുടെ ടയർ അണുവിമുക്തമാക്കുന്നതിനുള്ള സൗകര്യം ഒരുക്കേണ്ടതാണ്.

**ട്രക്കിംഗിൽ നടപ്പിലാക്കേണ്ട നിയന്ത്രണങ്ങൾ**

1. ഒരു ദിവസത്തിൽ ഒതുങ്ങുന്ന ട്രക്കിംഗ് പരിപാടികൾ മാത്രം  നടത്തേണ്ടതാണ്.
2. രാത്രി ട്രക്കിംഗ് ഒഴിവാക്കേണ്ടതാണ്
3. ഒരു ട്രക്കിംഗ് ബാച്ചിൽ 7 പേരിൽ കൂടുതൽ ഉണ്ടായിരിക്കാൻ പാടില്ല
4. കാടിനുള്ളിൽ കയറുമ്പോഴും, ഇറങ്ങുമ്പോഴും സന്ദർശകരും, ഗൈഡുകളും കൈകാലുകൾ അണുവിമുക്തമാക്കേണ്ടതാണ്.
5. ട്രക്കിംഗ് നടപ്പിലാക്കുമ്പോൾ 2 മീറ്റർ സാമൂഹിക അകലം പാലിക്കേണ്ടതാണ്.

**സഫാരിയിൽ നടപ്പിലാക്കേണ്ട നിയന്ത്രണങ്ങൾ**

1. സഫാരി വാഹനങ്ങളുടെ ഡ്രൈവർ ക്യാബിനും സന്ദർശക ഭാഗവും തമ്മിൽ വേർതിരിക്കേണ്ടതാണ്.
2. സഫാരി വാഹനങ്ങളുടെ 50% സീറ്റ് സൗകര്യം ഉപയോഗിച്ചു മാത്രം നടത്തേണ്ടതാണ്.
3. സഫാരി വാഹനങ്ങളിൽ കയറുമ്പോഴും ഇറങ്ങുമ്പോഴും സാനിറ്റൈസർ ഉപയോഗിച്ച് കൈകൾ അണുവിമുക്തമാക്കേണ്ടതാണ്.
4. സഫാരിക്കിടെ ആരുംതന്നെ വാഹനത്തിൽനിന്നും പുറത്തിറങ്ങാൻ പാടുള്ളതല്ല.
5. രണ്ട് വാതിലുകൾ ഉള്ള വാഹനങ്ങൾ കയറുന്നതിനും ഇറങ്ങുന്നതിനും പ്രത്യേകം കവാടങ്ങൾ ഉപയോഗിക്കേണ്ടതാണ്.
6. സന്ദർശകർ വാഹനങ്ങളിൽനിന്നും ഇറങ്ങിയശേഷം വാഹനം അണുവിമുക്തമാക്കിയ ശേഷം പുതിയതായി സന്ദരശകരെ കയറാൻ അനുവദിക്കാവൂ.

**മ്യൂസിയം / ഇന്റർപ്രട്ടേഷൻ സെന്റർ എന്നിവയിൽ നടപ്പിലാക്കേണ്ട നിയന്ത്രണങ്ങൾ**

1. ഒരേ സമയം 10 പേരിൽ കൂടുതൽ ആളുകൾക്ക് മ്യൂസിയം / ഇന്റർപ്രട്ടേഷൻ സെന്റർ എന്നിവയിൽ പ്രവേശനം ഉണ്ടായിരിക്കുന്നതല്ല. ഇത്തരം സന്ദർശകരും ശാരീരിക അകലം കൃത്യമായും പാലിക്കേണ്ടതാണ്.

**കഫ്ത്തേരിയ / ഭക്ഷണശാല എന്നിവിടങ്ങളിൽ നടപ്പിലാക്കേണ്ട നിയന്ത്രണങ്ങൾ**

1. കഫ്ത്തേരിയ / ഭക്ഷണശാല എന്നിവിടങ്ങളിൽ ഇരുന്ന് ഭക്ഷണം കഴിക്കാൻ പാടുള്ളതല്ല.
2. ആവശ്യക്കാർ പാഴ്സലായി ഭക്ഷണം വാങ്ങേണ്ടതാണ്.
3. ഒരേ സമയം 5 പേരിൽ കൂടുതൽ ആളുകൾ കഫ്ത്തേരിയ / ഭക്ഷണശാല എന്നിവിടങ്ങളിൽ കൂട്ടം കൂടുവാൻ പാടുള്ളതല്ല.

**ഇക്കോഷോപ്പുകളിൽ നടപ്പിലാക്കേണ്ട നിയന്ത്രണങ്ങൾ**

2. ഒരേ സമയം 5 പേരിൽ കൂടുതൽ ആളുകൾ ഇക്കോഷോപ്പുകളുടെ മുന്നിൽ കൂട്ടം കൂടുവാൻ പാടുള്ളതല്ല. ശാരീരിക അകലം കൃത്യമായും പാലിക്കേണ്ടതാണ്.

**ഇക്കോടൂറിസം കേന്ദ്രങ്ങളിലെ താമസം**

1. ഒന്നാം ഘട്ടത്തിൽ ഇക്കോടൂറിസം കേന്ദ്രങ്ങളിൽ താമസം അനുവദനീയമല്ല.

മേൽ നിർദ്ദേശങ്ങളും നിബന്ധനകളും ലംഘിക്കുന്നവർക്കെതിരെ യുക്തമായ നിയമ നടപടി സ്വീകരിക്കുന്നതാണ്.

ഇക്കോടൂറിസം കേന്ദ്രങ്ങളുടെ മേൽനോട്ടം വഹിക്കുന്ന ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ എന്നിവർ മേൽ നിർദ്ദേശങ്ങളും നിബന്ധനകളും കർശനമായി പാലിക്കപ്പെടുന്നുണ്ടോയെന്ന് ഉറപ്പാക്കേണ്ടതാണ്. മേൽ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി അതാത് മേഖലകളിലെ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർ നോഡൽ ഓഫീസർമാരായിരിയ്ക്കും.

പരീക്ഷണാടിസ്ഥാനത്തിൽ ഇതു നടപ്പിലാക്കിയശേഷം പരിശോധിച്ച് ആവശ്യമായ തുടർ നടപടികൾ പുറപ്പെടുവിക്കുന്നതാണ്.

ചീഫ് വൈൽഡ്ലൈഫ് വാർഡൻ

भारत सरकार

**Government of India**

पर्यावरण, वन एवं जलवायु परिवर्तन मंत्रालय

**Ministry of Environment, Forest and Climate Change**

राष्ट्रीय व्याघ्र संरक्षण प्राधिकरण

**National Tiger Conservation Authority**

**No. 15-38/2010-NTCA (Pt.)** **New Delhi, the August 5, 2020**

**To,**
**The Chief Wildlife Warden (s)**
**All Tiger Range States**

**Sub:Opening of tiger reserves for tourism in COVID-19 scenario**

Ref. 1. This Authority letter of even number dated June 5, 2020.
2. Ministry of Home Affairs, GoI, order no 40-3/2020-DM-I(A) dated July 29, 2020 (enclosed)

Sir,

Reference is invited to the subject and correspondence cited above. In this context, I am directed to say that queries have been received with regard to S. No. 4 of this Authority's letter cited, for which S. No. 7 of Ministry of Home Affairs order may kindly be referred.

Enclosed: As above

Yours faithfully,

(डा0 वैभव चन्द्र माथुर)
**(Dr. Vaibhav C. Mathur)**
सहायक वन महानिरीक्षक (रा0व्या0सं0प्रा0)
**Assistant Inspector General of Forests (NTCA)**
E mail: aig3-ntca@nic.in
Tel. (EPABX): +91 1124367837-39
FAX: +91 11 24367836

**F. No. 15-38/2010-NTCA (Pt.)**
**Copy to:**
1. The NTCA Regional Offices, Bengaluru, Guwahati and Nagpur
2. The Field Director(s), All Tiger Reserves

(डा0 वैभव चन्द्र माथुर)
**(Dr. Vaibhav C. Mathur)**
सहायक वन महानिरीक्षक (रा0व्या0सं0प्रा0)
**Assistant Inspector General of Forests (NTCA)**